മെന്ന് പ്രതീക്ഷിക്കുന്നു. മേർജാതിക്കാർക്ക് എതിരായ ഖാർവമാരുടെ (മുക്കുവന്മാരുടെ) വോട്ടുകളും അദ്ദേഹത്തിനു കിട്ടിയേക്കും.

'ഈ നിയോജകമണ്ഡലത്തിലെ മുഖ്യജാതിക്കാർ താഴെ പറയും വിധമാണ്: 1,70,000 പട്ടേൽമാർ, 80,000 മേർമാർ, 50,000 അഹീമാർ; 78,000 കോളികൾ, 15,000 ബ്രാഹ്മണർ, 40,000 മുസ്ലീങ്ങൾ, 30,000 ലോഹനമാർ.'

തുടർന്നു ലേഖകൻ, ജാതിയടിസ്ഥാനത്തിൽ ഇവരുടെ വോട്ടുകൾ എങ്ങനെ വിഭജിക്കപ്പെട്ടുമെന്നതിനെപ്പററി ഊഹാപോഹങ്ങൾ നടത്തുന്നു. ശ്രീ ഭരത്ഓഡേഡര ജയിച്ചിരിക്കുന്നു. ഗുജറാത്തിൽ തകർപ്പൻ വിജയമാണല്ലോ ഇന്ദിരാകോൺഗ്രസ്സിനു കൈവന്നിട്ടുള്ളതു്.

പോർബന്ദറിലെ സ്ഥിതി, ഇന്ത്യയിലെ, എന്തിനു്, കേരളത്തിലെ തന്നെ, പല പ്രദേശങ്ങളിലെയും സ്ഥിതിയിൽനിന്നു മൗലികമായി വ്യത്യസ്തമല്ല. മഹാത്മാഗാന്ധി പിറന്നു എന്ന ചരിത്രപരമായ വസ്തുത ഒഴിച്ചാൽ, പോർബന്ദറിനു് ഒരു വിശേഷവുമില്ല. റൗഡിവാഴ്ചയും, പോലീസ്–റൗഡി–രാഷ്ട്രീയ–കൂട്ടുകെട്ടും ജാതിയടിസ്ഥാനത്തിലുള്ള പൊളിററിക്സും കള്ളക്കടത്തും, എല്ലാം, ഇന്ത്യയിൽ എവിടെയാണ് ഇല്ലാത്തതു്?

മഹാത്മാഗാന്ധി ഇതിനെല്ലാം എതിരായിരുന്നു.

രാജീവ്ഗാന്ധിയോ?

ഇതാണ് രാജീവഗാന്ധിയുടെ മുന്നിലുള്ള, പരമപ്രധാനമായ, വെല്ലുവിളി രാഷ്ട്രം തന്നിൽ സമർപ്പിച്ച അസന്ദിഗ്ദ്ധവും സമ്പൂർണവുമായ വിശ്വാസത്തിനു് അനുരൂപമായ വിധത്തിൽ, ഈ വെല്ലുവിളിയെ യുവാവായ രാജീവഗാന്ധി നേരിടുമോ?

അവസരത്തിനൊത്തു് അദ്ദേഹം ഉയരുമോ? അതു് ഇനി കാണേണ്ടിയിരിക്കുന്നു.

(30 ഡിസംബർ, 1984)

# 32. ഭോപ്പാലിന്റെ പാഠം

'യൂനിയൻ കാർബൈഡ്' എന്ന അമേരിക്കൻ വ്യവസായസ്ഥാപനം ഇരുപത്തഞ്ചു കോടി രൂപ മുടക്കി ഇന്ത്യയിലെ മദ്ധ്യപ്രദേശ് സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഭോപ്പാലിൽ സ്ഥാപിച്ച കീടനാശിനിനിർമാണശാലയിൽ ഭൂമിക്കടിയിൽ കുഴിച്ചിട്ട ടാങ്കുകളിൽ ദ്രവരൂപത്തിൽ സൂക്ഷിച്ചിരുന്ന 'മെഥിൽ ഐസോ സയനൈററ്' എന്ന വിഷം അതിമർദം മൂലം വാതകമായി രൂപംമാറി പുറത്തുകടന്നു് വായുവിൽ വ്യാപിച്ചതിനെത്തുടർന്നു് ഇക്കഴിഞ്ഞ ഡിസംബർ 2, 3 തീയതികളിൽ ഏകദേശം എണ്ണായിരത്തോളം ആളുകൾ മരിക്കുകയും, കൃത്യമായി എണ്ണം അറിയാത്ത ലക്ഷക്കണക്കിനു് ആളുകൾക്കു് അന്ധതയും സ്ഥിരമായ അംഗവൈകല്യങ്ങളും ഉളവാകുകയും ചെയ്തു. തെരഞ്ഞെടുപ്പുകോലാഹലങ്ങൾക്കിടയിലും ഈ ദാരുണസംഭവം ഇന്ത്യയിലെ പത്രലോകത്തിൽ ഒച്ചപ്പാടിനു കാരണമായി.

പക്ഷേ, ഈ സംഭവത്തിൽനിന്നു പഠിക്കേണ്ട പാഠം നാം പഠിച്ചുവോ?

ആധുനിക പരിഷ്കാരത്തിന്റെ അസ്ഥിവാരം പടുത്തുയർത്തിയിട്ടുള്ളത് രാസവ്യവസായങ്ങളിലാണ്. എന്നാൽ, സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ജീവനും പരിസ്ഥിതിക്കും നികത്താനാവാത്ത നഷ്ടം വരുത്തിവയ്ക്കുന്നവയാണ് എല്ലാ രാസവ്യവസായങ്ങളും. അതിനാൽ, രാസവ്യവസായങ്ങൾ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്നവർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. വ്യവസായശാലകളിലെ ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും വായുവിലും വെള്ളത്തിലും മണ്ണിലും കലർന്ന് ചുററും രോഗങ്ങളും മരണവും നാശവും പരത്താതിരിക്കാൻ പര്യാപ്തമായ മുൻകരുതലുകൾ—സംവിധാനങ്ങളുണ്ടാക്കുകയും, അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് സദാ ഉറപ്പുവരുത്തുകയും—വേണം. ഇതാണ് ഭോപ്പാൽ ദുരന്തത്തിന്റെ പാഠം.

ഈ പാഠം ഇന്ത്യയിലെ കേന്ദ്ര–സംസ്ഥാനസർക്കാരുകളും, എന്തിനും ബഹളംകൂട്ടുന്ന നമ്മുടെ രാഷ്ട്രീയകക്ഷികളും, നാട്ടുകാരും പഠിച്ചുവോ?

അമേരിക്കപോലുള്ള വ്യവസായവത്കൃതരാജ്യങ്ങളിലെ സർക്കാരുകളും രാഷ്ട്രീയപ്രവർത്തകരും പൗരന്മാരും ഈ പാഠം മുമ്പേ പഠിച്ചുകഴിഞ്ഞിട്ടുണ്ട്. സമ്പന്നരാജ്യങ്ങളിൽ പ്രവർത്തിച്ചുവരുന്ന രാസവ്യവസായങ്ങളിൽ ഭോപ്പാൽ ദുരന്തത്തെപ്പോലെയുള്ള അത്യാഹിതങ്ങൾ വിരളമായേ ഉണ്ടാകാറുള്ളൂ. കീടനാശിനിനിർമാണംപോലെ വലിയ തോതിൽ വിഷവസ്തുക്കൾ കൈകാര്യംചെയ്യേണ്ട വ്യവസായങ്ങൾ അവർ സ്വന്തം നാടുകളിൽ സ്ഥാപിക്കാതെ, വ്യവസായവല്ക്കരണത്തിനുവേണ്ടി ദാഹിക്കുന്നവയും, വ്യാവസായിക മലിനീകരണത്തിന്റെ ദൂഷ്ഫലങ്ങളെപ്പററി മനസ്സിലാക്കാത്തവയുമായ മൂന്നാംചേരിയിൽപ്പെട്ട ദരിദ്രരാജ്യങ്ങളിലാണ് ഇപ്പോഴിപ്പോൾ സ്ഥാപിച്ചുവരുന്നത്.

1984–ാമാണ്ടിലുണ്ടായ വ്യാവസായികദുരന്തങ്ങളിൽ പ്രധാനപ്പെട്ട മൂന്നും സംഭവിച്ചിട്ടുള്ളത് ദരിദ്രരാജ്യങ്ങളിൽ അമേരിക്കൻ കമ്പനികൾ സ്ഥാപിച്ചിട്ടുള്ള രാസവ്യവസായശാലകളിലാകുന്നു. ലോകത്തിൽ ഇന്നോളമുണ്ടായിട്ടുള്ള വ്യാവസായികദുരന്തങ്ങളിൽ പ്രഥമഗണനീയം ഭോപ്പാൽ ട്രാജഡിതന്നെ. ഭോപ്പാലിൽ, ഫാക്ടറിക്കടുത്തുള്ള പൊതുസ്ഥലം കൈയേറി കുടിൽവെച്ചു പാർത്തിരുന്ന പാവങ്ങളാണ് വിഷവായു ശ്വസിച്ച് ശ്വാസകോശങ്ങൾ തുളഞ്ഞ് ശ്വാസംമുട്ടി പിടഞ്ഞുപിടഞ്ഞു മരിച്ചവരിൽ അധികവും. വ്യവസായമേഖലകളെന്നും ജനവാസമേഖലകളെന്നും നഗരങ്ങളെ വേർതിരിക്കുന്ന പതിവ് നമ്മുടെ നഗരങ്ങളിലില്ല. ഇങ്ങനെ വേർതിരിച്ചുകൊണ്ട് നിയമങ്ങളുണ്ടാക്കിയാലും അവ നടപ്പിൽവരുത്തുന്നതിനു നമ്മുടെ സർക്കാരുകളും അവയെ നയിക്കുന്ന രാഷ്ട്രീയക്കാരും എതിരുമാണ്. കൈയേററക്കാരെ ഒഴിപ്പിക്കുകയോ? അസ്സലായി! തെരഞ്ഞെടുപ്പ് അടുത്തല്ലേ വരുന്നത്? വോട്ടു വേണ്ടേ? അതിനാൽ വിഷഫാക്ടറികൾക്കു ചുററും ചെററപ്പുരകൾ നിറഞ്ഞ ചേരിപ്രദേശങ്ങൾ പൊട്ടിമുളച്ചു വളരുന്നു. ഭോപ്പാലിലുണ്ടായതുപോലെ പെട്ടെന്ന് കൂട്ടംകൂട്ടമായി ചത്തുവീഴാത്തപ്പോഴും, വ്യാവസായിക-രാസമാലിന്യങ്ങളുടെ ഫലമായി ചേരികളിലെ ജനങ്ങൾ മാറാരോഗങ്ങൾക്കും നിത്യവൈകല്യങ്ങൾക്കും ഇരകളായിത്തീരുന്നു. രോഗികൾക്കും വോട്ടു ചെയ്യാൻ കഴിവുള്ള കാലത്തോളം ഇവരുടെ രോഗങ്ങളെപ്പററി ആശങ്ക സർക്കാരിനോ രാഷ്ട്രീയ കക്ഷികൾക്കോ ഉണ്ടാകുമെന്ന പ്രതീക്ഷയ്ക്ക് അവകാശമില്ല.

ഭോപ്പാൽ ദുരന്തത്തോടു മരണസംഖ്യയിലൊഴികെ മററെല്ലാ അംശങ്ങളിലും സാദൃശ്യമുള്ള ഒരു ദുരന്തമാണ് തെക്കെ അമേരിക്കയിലെ ബ്രസീൽ രാജ്യത്ത് 'കൂബററാവോ' എന്ന നഗരത്തിൽ 1984 ഫെ

ബ്രുവരി 25-ാം തീയതി സംഭവിച്ചത്. ഇവിടെ ഒരു പെട്രോൾകമ്പനിയിലെ പൈപ്പുകൾ ചോർന്നതിന്റെ ഫലമായി, ചുറ്റുമുള്ള ചതുപ്പുനിലങ്ങൾ കൈയേറി കുടിൽകെട്ടി പാർത്തിരുന്ന അഞ്ഞൂറോളം പാവങ്ങൾ മരിച്ചുപോയി. മെക്സിക്കോരാജ്യത്തിന്റെ തലസ്ഥാനമായ 'മെക്സിക്കോസിറ്റി'യിൽ ഒരു കുക്കിങ്ഗ്യാസ് ഫാക്ടറിയിൽ 1984 നവംബർ 14-ാം തീയതി ഉണ്ടായ പൊട്ടിത്തെറിയെത്തുടർന്ന്, പരിസരപ്രദേശങ്ങൾ കൈയേറി പാർത്തിരുന്ന 452 പാവങ്ങൾ മരിച്ചതാണ് ഇത്തരത്തിലുള്ള മറ്റൊരു സംഭവം.

ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ഉദ്ധരിക്കാവുന്നതേയുള്ളൂ.

ആപത്സാദ്ധ്യതയുള്ള വ്യവസായങ്ങൾ ദരിദ്രരാജ്യങ്ങളിലേക്കു മാറ്റി സ്ഥാപിക്കുന്ന പ്രവണത അടുത്തകാലത്ത് സമ്പന്നങ്ങളായ വ്യാവസായികരാജ്യങ്ങളിലെല്ലാം കണ്ടുവരുന്നുണ്ട് എന്നു പറഞ്ഞുവല്ലോ. അമേരിക്കൻ എണ്ണശുദ്ധീകരണശാലകൾ ഈയിടെയായി ഫാക്ടറികൾ സ്ഥാപിക്കുന്നതധികവും ചെറിയ കരീബിയൻദ്വീപുകളിലാണ്. ശ്വാസകോശരോഗങ്ങൾ പരത്തുന്ന ആസ്ബസ്റ്റോസ് നിർമിക്കുന്ന ഫാക്ടറികൾ ആസ്ട്രേലിയ കൂടുതലായി ഇൻഡോനേഷ്യയിൽ നിർമിച്ചുവരുന്നു. ദരിദ്രരാജ്യങ്ങൾ 'അന്താരാഷ്ട്രീയ ചവറ്റുകുട്ടകൾ' ആയി മാറുകയാണെന്ന് 1983-ൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ ഐക്യരാഷ്ട്രസമിതിയുടെ മുഖ്യപരിസ്ഥിതി ഉദ്യോഗസ്ഥനായ മുസ്തഫാകമാൽ തൊൽബ പറയുകയുണ്ടായി. സമ്പന്നരാജ്യങ്ങളിൽ നിലവിലുള്ളത്ര കർശനമായ സുരക്ഷാവ്യവസ്ഥകൾ ദരിദ്രരാജ്യങ്ങളിലെ ഫാക്ടറികളിലും നടപ്പാക്കണമെന്ന്, ബഹുരാഷ്ട്രക്കമ്പനികളെ സംബന്ധിച്ച ഐക്യരാഷ്ട്രസമിതിയുടെ കമ്മീഷൻ അത്തരം കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്തുവരുന്ന ഐക്യരാഷ്ട്രസമിതിയുടെ ജനറൽ അസംബ്ലിയോഗം ഈ പ്രശ്നം ചർച്ച ചെയ്യുന്നതാണ്.

യൂനിയൻ കാർബൈഡ് കമ്പനി ഭോപ്പാലിൽ നിർമിച്ചിരുന്നത് കീടനാശികളാണല്ലോ. കീടനാശികൾ വിഷങ്ങളാണ്. കീടങ്ങളെ കൊല്ലുന്ന വിഷങ്ങൾ മനുഷ്യരുടെ ആരോഗ്യത്തിനും ദോഷം വരുത്തും. ദരിദ്രരാജ്യങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തിനു വലിയൊരു ആപത്തായിട്ടുണ്ട്. ഇപ്പോൾ, ധനികരാജ്യങ്ങളിൽനിന്നു കയറ്റി അയയ്ക്കുന്ന കീടനാശികൾ. കീടനാശികളിൽനിന്നുള്ള വിഷബാധ സംബന്ധിച്ച 3,75,000 സംഭവങ്ങൾ 1982-ാമാണ്ടിൽ ദരിദ്രരാജ്യങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതായി ഒരു ബ്രിട്ടീഷ് ദുരിതനിവാരണസംഘമായ 'ഓക്സ്ഫാം' പ്രസ്താവിച്ചിട്ടുണ്ട്. കീടനാശിവിഷം ബാധിച്ച് ആ ആണ്ടിൽ സിലോണിൽത്തന്നെ പതിനായിരം മരണങ്ങൾ ഉണ്ടായി എന്ന് അവർ പറയുന്നു.

മലകളിലെ റബ്ബർത്തോട്ടങ്ങളിലെ 'മരുന്നുതളി'യുടെ ഫലമായി പെരിയാറിലെ വെള്ളത്തിൽ വലിയതോതിൽ ഡി ഡി. റ്റി. എന്ന വിഷവസ്തു കലർന്നിട്ടുള്ളതായി കേരള സർവകലാശാല വർഷങ്ങൾക്കു മുമ്പു നടത്തിയ ഒരു പഠനത്തിൽ കാണുകയുണ്ടായി. ഈ വെള്ളമാണ് കൊച്ചിനഗരപ്രദേശത്തുള്ളവർ മുഴുവൻ കുടിക്കുന്നത്.

ഗ്വാളിയർ റയോൺസ്, പുനലൂർ പേപ്പർമിൽ, വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി, എഫ്. എ. സി. റ്റി മുതലായ ഫാക്ടറികൾ നമ്മുടെ നദികളിൽ ദിവസേന വൻതോതിൽ വിഷം കലക്കുന്നതു തടയാൻ കേരള ഗവണ്മെന്റിന് ഇന്നോളം താല്പര്യമോ കഴിവോ ഉണ്ടായിട്ടില്ല. കൊച്ചിയിലെയും തലസ്ഥാനമായ തിരുവനന്തപുരത്തെയും വായുമണ്ഡലത്തിൽ സ്ഥിരമായി തങ്ങിനിൽക്കുന്ന വിഷപ്പുകയും, നമ്മുടെ

രാഷ്ട്രീയ നേതാക്കളുടെ പ്രസംഗങ്ങളിൽ തീപ്പൊരി പാറാൻ കാരണമായിട്ടില്ല.

ഭോപ്പാൽ സംഭവംകൊണ്ടും ഇന്ത്യയിലെ സർക്കാരുകളുടെയും രാഷ്ട്രീയക്കാരുടെയും കണ്ണു തുറക്കുമെന്നു കരുതിക്കൂടാ. പക്ഷേ, വ്യാവസായികമലിനീകരണത്തിന്റെ ഭീകരഫലങ്ങളിലേക്കു സാധാരണ പൗരന്മാരുടെ ശ്രദ്ധ തിരിച്ചുവിടാനെങ്കിലും എണ്ണായിരം ആളുകളുടെ ഈ ജീവാഹുതി ഉപകരിച്ചെങ്കിൽ!

(16 ഡിസംബർ, 1984)

## 33. 1984

സ്വാതന്ത്ര്യോദയത്തിന്റെ ചരിത്രത്തിൽ ഏററവും ഇരുണ്ട ഒരു വർഷമായിരുന്നു 1984. പതിനെട്ട് ആണ്ടുകളോളം ഇന്ത്യയുടെ ദേശീയ ചക്രവാളത്തിൽ നിറകതിർ ചൊരിഞ്ഞു നിറഞ്ഞുനില്ക്കുകയും, നീതിനിഷ്ഠമായ ഒരു നവവ്യവസ്ഥിതിക്കുവേണ്ടി വെമ്പൽകൊള്ളുന്ന ദരിദ്രരാഷ്ട്രങ്ങളുടെ മുഴുവൻ ആശാജ്വാലയായി ക്രമേണ പരിണമിക്കുകയുംചെയ്ത ഇന്ദിരാഗാന്ധി രണ്ടു വിശ്വാസവഞ്ചകരുടെ വെടിയുണ്ടകളേററ് ഉടൽ വെടിഞ്ഞു എന്നതു മാത്രമല്ല ഈ വർഷത്തെ ഇരുൾ മൂടിയതാക്കിത്തീർക്കുന്നത്. മഹാത്മാഗാന്ധിയുടെ വധത്തിനുശേഷം ഇന്ത്യയുടെ ആത്മാവിനേററ ഏററവും കടുത്ത ആഘാതമായ ഇന്ദിരാവധം തികച്ചും ആകസ്മികമായ ഒരു സംഭവമായിരുന്നില്ല. ജാതിവാദത്തിന്റെയും മതവാദത്തിന്റെയും പ്രാദേശികവാദത്തിന്റെയും വിഘടനവാദത്തിന്റെയും ദുഷ്ടശക്തികൾ കുറെക്കാലമായി ഇന്നാട്ടിൽ കരുത്ത് ആർജിച്ചുവരികയായിരുന്നു. മിശ്രസമ്പദ്‌വ്യവസ്ഥയെന്ന പേരിൽ സ്വാതന്ത്ര്യോദയം വളർത്തിക്കൊണ്ടുവന്ന സംരക്ഷിതമുതലാളിത്തവ്യവസ്ഥയുടെ ഫലം സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമാവുകയെന്നതായിരുന്നു. എന്തു ചെയ്തും പണക്കാരാവുന്നതിനുള്ള അടക്കാനാവാത്ത തൃഷ്ണ അഭ്യസ്തവിദ്യർക്കിടയിൽ വ്യാപകമായിത്തീരുകയും, അഴിമതിയെന്ന അർബുദരോഗം രാഷ്ട്രശരീരത്തിന്റെ പ്രധാനപ്പെട്ട എല്ലാ അവയവങ്ങളിലും ആഴത്തിൽ വേരോടുകയും ചെയ്തുകഴിഞ്ഞിരുന്നു. ഏററവും കൂടുതൽ അഴുകി നാറിയിരുന്നത് രാഷ്ട്രീയകക്ഷികളായിരുന്നു. കെട്ടുറപ്പോ സംഘടനയോ ഗ്രാമതല പ്രവർത്തകരോ ഒന്നും ഇല്ലാതെ, നേതാവായ ഇന്ദിരാഗാന്ധിയുടെ വ്യക്തിപ്രഭാവത്തെമാത്രം ആശ്രയിച്ചാണ് ഭരണകക്ഷി നിലനിന്നിരുന്നതെങ്കിൽ തുണ്ടുതുണ്ടുകളായി ചിതറിപ്പോയ പ്രതിപക്ഷകക്ഷികൾക്ക് വ്യക്തിപ്രഭാവമുള്ള നേതാക്കളുടെ പേരുപോലും പറയാനില്ലായിരുന്നു. സർക്കാരുദ്യോഗസ്ഥന്മാർക്കും രാഷ്ട്രീയ പ്രവർത്തകർക്കും നീതിബോധവും ലക്ഷ്യബോധവും നഷ്ടപ്പെട്ടതിന്റെ ഫലമായി പണക്കാർക്കും റൗഡികൾക്കും എന്തും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം കൈവന്നിരുന്നു. ഇന്ത്യയിൽ പൊതുസമ്പദ്‌വ്യവസ്ഥയേക്കാളേറെ ശക്തമായിക്കഴിഞ്ഞിരുന്നു കള്ളപ്പണവ്യവസ്ഥ. ജനങ്ങൾക്കിടയിൽ അരക്ഷിതത്വബോധവും ഒപ്പം കഠിനമായ ക്ഷോഭവും പടർന്നുപിടിച്ചിരുന്നു. അക്രമത്തിന്റെ തീ എങ്ങും ആളിപ്പടരുവാൻ പ്രകോപനത്തിന്റെ ഒരു പൊരി വീണാൽ മതിയെന്ന നിലയായിരുന്നു എവിടെയും.

നുഴഞ്ഞു കയറിയ വിദേശികളെ തിരിച്ചയയ്ക്കുകയോ, അവരുടെ വോ